

ലേഖനം

# 21-ാം നൂറ്റാണ്ടിലെ പോലീസ്

## മുരളി തുമ്മാരുകുടി

കാവൽ കൈരളിക്കുവേണ്ടി പുതുവർഷത്തിൽ ഒരു ലേഖനമെഴുതണമെന്ന ആവശ്യം വലിയ സന്തോഷത്തോടെയാണ് ഞാൻ സ്വീകരിച്ചത്. ജേക്കബ് പുന്നൂസ് സാർ ഡി ജി പി ആയിരുന്ന കാലം മുതൽ കേരളത്തിലെ പോലീസ് സംവിധാനത്തിലെ വിവിധ തലത്തിലുള്ളവരുമായി സംവദിക്കാനും പോലീസിന്റെ പ്രവർത്തനങ്ങളെ അടുത്തുനിന്ന് നോക്കിക്കാണാനും എനിക്ക് അവസരമുണ്ടായിട്ടുണ്ട്. രണ്ടായിരത്തിപതിനെട്ടിലെ പ്രളയ കാലത്തും പ്രളയത്തിന് ശേഷവും ആളുകളെ രക്ഷി

**രണ്ടായിരത്തിപതിനെട്ടിലെ പ്രളയ കാലത്തും പ്രളയത്തിന് ശേഷവും ആളുകളെ രക്ഷിക്കാനും അവരുടെ ജീവിതം പുനർ നിർമ്മിക്കാനുമൊക്കെ നമ്മുടെ പോലീസുകാർ എത്രമാത്രം പ്രയത്നിച്ചു എന്നത് ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. നമ്മൾ കടന്നു പോകുന്ന കോവിഡ് കാലത്ത് ആരോഗ്യ സംവിധാനങ്ങളോട് ഒപ്പം സ്വന്തം ജീവൻ പണയം വച്ച് പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിൽ നമ്മുടെ പോലീസ് സംവിധാനം മുന്നിലുണ്ടായിരുന്നു.**





ക്കാനും അവരുടെ ജീവിതം പുനർനിർമ്മിക്കാനുമൊക്കെ നമ്മുടെ പോലീസുകാർ എത്രമാത്രം പ്രയത്നിച്ചു എന്നത് ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. നമ്മൾ കടന്നു പോകുന്ന കോവിഡ് കാലത്ത് ആരോഗ്യ സംവിധാനങ്ങളോട് ഒപ്പം സ്വന്തം ജീവൻ പണയം വച്ച് പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിൽ നമ്മുടെ പോലീസ് സംവിധാനം മുന്നിലുണ്ടായിരുന്നു.

നൂറിലേറെ രാജ്യങ്ങളിൽ സഞ്ചരിച്ചിട്ടുള്ളതിനാൽ അവിടങ്ങളിലെ പോലീസിംഗ് രീതികളെ തൊട്ടടുത്തല്ലെങ്കിലും കണ്ടറിയുവാൻ സാധിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ പോലീസ്, പോലീസിംഗ് രീതികൾ ഇവയെ ലോകത്തെ മറ്റു പോലീസിംഗ് രീതികളുമായി താരതമ്യം ചെയ്ത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് നമ്മുടെ പോലീസിങ്ങിനെ പൂർണമായും നീക്കേണ്ടതിന്റെ ആവശ്യകതയെയും നടത്തിപ്പിനെയും കുറിച്ചു പറയാം.

**സുരക്ഷയുള്ള കേരളം:** ലോകത്തിലെ പോലീസിംഗ് മാതൃകകൾ പറയുന്നതിന് മുൻപ് മറ്റൊരു കാര്യം പറയണം. കുറ്റകൃത്യങ്ങളുടെ ശ്രേണിയിൽ ഏറ്റവും ഗുരുതരമായതാണ് കൊലപാതകം. അത് ഏറ്റവും കുറവുള്ള സ്ഥലങ്ങളിലൊന്നാണ് കേരളം എന്ന് ഭൂരിപക്ഷം മലയാളികൾക്കും അറിയില്ല. 333 ലക്ഷം ജനങ്ങളുള്ള കേരളത്തിൽ ഒരു വർഷം നടക്കുന്ന കൊലപാതകങ്ങളുടെ എണ്ണം 323 ആണ്. അതായത് ഒരു ലക്ഷത്തിൽ ഒന്ന് എന്ന തോതിലും കുറവ്. ഇന്ത്യയിലെ ആകെ കൊലപാതകങ്ങളുടെ എണ്ണം 28,918 ആണ്. ഒരു ലക്ഷത്തിന് രണ്ടിലും മുകളിൽ. അമേരിക്കയിലും യൂറോപ്പിലെ മിക്ക രാജ്യങ്ങളിലും കൊലപാതകങ്ങളുടെ കണക്ക് നമ്മുടേതിനേക്കാൾ പല മടങ്ങാണ്. കേരളത്തിന് താരതമ്യം ചെയ്യാവുന്ന ജനസംഖ്യയുള്ള പ്രദേശങ്ങളെ നോക്കിയാൽ വെറും അഞ്ചു രാജ്യങ്ങളിലാണ് കേരളത്തേക്കാൾ കുറവ് കൊലപാതകങ്ങളുള്ളത്, (ജപ്പാൻ, ഇന്തോനേഷ്യ, ചൈന, ഇറ്റലി, ദക്ഷിണ കൊറിയ, സ്പെയിൻ). കൊലപാതകങ്ങൾ കേരളത്തിൽ കുറവാണെന്ന് മാത്രമല്ല, അത് വർഷം തോറും കുറഞ്ഞു വരുന്നുമുണ്ട്. 1957 ൽ കേരളം രൂപീകരിച്ച വർഷം കേരളത്തിൽ കൊലപാതകങ്ങളുടെ എണ്ണം 239 ആയിരുന്നു, അന്ന് കേരളത്തിലെ ജനസംഖ്യ വെറും 230 ലക്ഷവും. അതായത് കൊലപാതക നിരക്ക് ഒരു ലക്ഷത്തിൽ ഒന്നിന് മുകളിൽ. ഞാൻ പറഞ്ഞുവന്നത് കേരള പോലീസിന്റെ ഭാവിയെക്കുറിച്ച് പറയുമ്പോൾ പൗരന്റെ ജീവൻ സംരക്ഷിക്കുക എന്ന അടിസ്ഥാനപരമായ കാര്യത്തിൽ ലോകത്തെ ബഹുഭൂരിപക്ഷം സമൂഹങ്ങളെയും താരതമ്യപ്പെടുത്തിയാൽ ലോകോത്തരമായ പ്രകടനമാണ് കേരളത്തിന്റേത് എന്നാണ്.

**രക്ഷയില്ലാത്ത കേരളം:** ഇംഗ്ലീഷിൽ safety, security എന്നീ വാക്കുകൾ നമ്മൾ പലപ്പോഴും മാറി മാറി ഉപയോഗിക്കാറുണ്ടെങ്കിലും ഇവക്ക് തികച്ചും വ്യത്യസ്തമായ അർത്ഥമാണുള്ളത്. Security എന്നാൽ ഒരാളോ ഒരു കൂട്ടം ആളുകളോ മറ്റൊരാളെയോ അയാളുടെ സ്വത്തിനെയോ മനഃപൂർവം ഉപദ്രവിക്കാൻ ശ്രമിക്കുന്നത് തടയുക എന്നതാണ്. ഒരു ട്രെയിനിലെ തുറന്നുകിടക്കുന്ന വാതിലിലൂടെ ഒരാളെ മറ്റൊരാൾ ചവുട്ടി പുറത്തിട്ടാൽ അതൊരു security പ്രശ്നമാണ്. തുറന്നിട്ട വാതിലിലൂടെ ഒരാൾ പുറത്തേക്ക് വീണുപോയാൽ അത് safety പ്രശ്നവും. രണ്ടു സാഹചര്യങ്ങളിലും പുറത്തു വീഴുന്ന വ്യക്തിക്ക് ഉണ്ടാകുന്ന പരിക്കുകൾ ഒരേ തരത്തിലാകാം, മരണവും സംഭവിക്കാം. ഇതിന്റെ അടിസ്ഥാന കാരണവും പരിഹാരവും വ്യത്യസ്തമാണ്.

എന്നാൽ safety യിലേക്ക് വരുമ്പോൾ സ്ഥിതി മാറി. 2019 ൽ മാത്രം 13763 ആളുകൾ കേരളത്തിൽ അപകടത്തിൽ മരിച്ചുവെന്നാണ് നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക്. ഇത് ഒരു ലക്ഷത്തിന് 39 എന്ന നിരക്കിൽ ദേശീയ ശരാശരിയിലും (ഒരു ലക്ഷത്തിന് 31.5) കൂടുതൽ. ഇതാകട്ടെ, വർഷം തോറും കൂടിവരുന്നു. കേരളത്തിൽ ലഭ്യമായ ഏറ്റവും പഴയ കണക്ക് 1966 ലേതാണ്. അന്ന് 2854 പേരാണ് കേരളത്തിൽ അപകടത്തിൽ മരിച്ചത്. അതായത് കഴിഞ്ഞ അൻപത് വർഷത്തിനകം കേരളത്തിൽ അപകടമരണങ്ങളുടെ എണ്ണം 150 ശതമാനത്തിലധികം വർദ്ധിച്ചു. ഓരോ വർഷവും വർദ്ധിച്ചു വരുന്നു. ഈ വിഷയത്തിൽ പൗരന്മാരുടെ അപകടമരണം കുറക്കുന്ന കാര്യത്തിൽ നാം ഇന്ത്യൻ ശരാശരിക്ക് മുകളിലാണെന്ന് മാത്രമല്ല ലോകത്ത് മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ഏറെ പിന്നിലാണ് താനും. എല്ലാ അപകടങ്ങളുടെയും ഡേറ്റ ഒരുമിച്ചല്ല രാജ്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. പക്ഷെ, റോഡപകടം മാത്രമെടുത്താൽ നമ്മുടെ മരണനിരക്ക് ഒരു ലക്ഷത്തിന് പന്ത്രണ്ടാണ്. നമ്മളെക്കാൾ ജനസംഖ്യയുള്ള ബ്രിട്ടനിൽ (ഒരു ലക്ഷത്തിന് 2.9) ജർമ്മനിയിൽ (3.7 / 100000) ഫ്രാൻസിൽ (15 / 100 k) ജപ്പാനിൽ (4. 1 / 100k) എന്നിങ്ങനെയാണ് കണക്കുകൾ. മുങ്ങിമരണത്തിന്റെയും നിർമ്മാണ പ്രവർത്തനത്തിനിടയിൽ നടക്കുന്ന മരണങ്ങളുടെയും കണക്കെടുത്താലും സ്ഥിതി വ്യത്യസ്തമല്ല.



**ലോകത്തിലെ പോലീസിംഗ് മാതൃകകൾ പറയുന്നതിന് മുൻപ് മറ്റൊരു കാര്യം പറയണം. കുറ്റകൃത്യങ്ങളുടെ ശ്രേണിയിൽ ഏറ്റവും ഗുരുതരമായതാണ് കൊലപാതകം. അത് ഏറ്റവും കുറവുള്ള സ്ഥലങ്ങളിലൊന്നാണ് കേരളം എന്ന് ഭൂരിപക്ഷം മലയാളികൾക്കും അറിയില്ല.**

എന്തുകൊണ്ടാണ് security കാര്യങ്ങളിൽ ലോകോത്തര നിലവാരമുള്ള നമുക്ക് സേഫ്റ്റി വിഷയ



ത്തിൽ ഒന്നും ചെയ്യാനാകാത്തത്? ഇക്കാര്യത്തിൽ സമൂഹത്തിൽ ചർച്ച വേണം. എന്റെ വ്യക്തിപരമായ അഭിപ്രായം സേഫ്റ്റി വിഷയങ്ങളുടെ ഉത്തരവാദിത്തം പോലീസ് സംവിധാനത്തിൽ നിന്നും പൂർണമായും മാറ്റി ഇംഗ്ലണ്ടിലുള്ളതു പോലെ ഒരു ഹെൽത്ത് ആൻഡ് സേഫ്റ്റി എക്സിക്യൂട്ടീവ് ഉണ്ടാക്കണമെന്നാണ്. പോലീസുകാർക്ക് സേഫ്റ്റിയുടെ വീട്ടിൽ ഒരു കാര്യവുമുണ്ടാകേണ്ട കാര്യമില്ല.

**നിയമത്തെ ആരാണ് സംരക്ഷിക്കേണ്ടത്?:** ഒരു പരിഷ്കൃത സമൂഹത്തിന്റെ പ്രത്യേകിച്ചും ജനാധിപത്യ സമൂഹത്തിന്റെ അടിസ്ഥാനം നിയമവ്യവസ്ഥയാണ് (rule of law). നിയമങ്ങൾ ഉണ്ടെങ്കിൽ അത് പാലിക്കപ്പെടണം. എങ്കിൽ മാത്രമേ സമൂഹത്തിന് സുരക്ഷയുണ്ടാകുകയുള്ളൂ. പോലീസിന്റെ അടിസ്ഥാന ഉത്തരവാദിത്തങ്ങളിൽ ഒന്ന് നിയമത്തിന്റെ പരിരക്ഷയാണ്. നിയമം പരിരക്ഷിക്കപ്പെടുമ്പോൾ പൗരന്മാരുടെ ജീവനും സ്വത്തും സംരക്ഷിക്കപ്പെടുന്നു.

നിർഭാഗ്യവശാൽ ഇക്കാര്യം ഒരു സമൂഹമെന്ന നിലയിൽ നാം ഇനിയും മനസിലാക്കിയിട്ടില്ല. നിയമലംഘനം സ്ഥിരമായി നടക്കുന്നു, വലുതും ചെറുതുമായി. നിയമം ലംഘിക്കുന്നവർക്ക് അവരുടെ സാമ്പത്തികവും ബന്ധുബലവുമനുസരിച്ച് നിയമലംഘനത്തിന് അനുശാസിക്കുന്ന ശിക്ഷയിൽ നിന്നും എളുപ്പത്തിൽ രക്ഷപ്പെടാമെന്ന ചിന്ത നിലനിൽക്കുന്നു. നമ്മൾ ഒരു നിയമലംഘനത്തിന് പിടിക്കപ്പെട്ടാൽ നമ്മൾ ആദ്യം അന്വേഷിക്കുന്നത് ഒരു വക്കീലിനെ അല്ല, മറിച്ച് നമുക്ക് പരിചയമുള്ള പോലീസ് ഓഫീസർ, സർക്കാരിലെ ഉയർന്ന ഉദ്യോഗസ്ഥൻ, രാഷ്ട്രീയക്കാർ, ഭരണാധികാരികൾ എന്നിവരെയാണ്. വലുതും ചെറുതുമായ നിയമലംഘനങ്ങളിൽ നിന്നും ആളുകളെ രക്ഷപെടുത്താൻ മേൽപറഞ്ഞവർ സ്ഥിരമായി നിയമസംവിധാനങ്ങളിൽ ഇടപെടുന്നു. അങ്ങനെ നിയമം പലർക്കും പലതാണെന്ന് ജനം ചിന്തിക്കുന്നു. പണമോ ബന്ധുബലമോ ഉണ്ടെങ്കിൽ നിയമം ബാധകമല്ല എന്ന മട്ടിൽ ജനം പെരുമാറുന്നതോടെ ഒരു പരിഷ്കൃത സമൂഹം എന്ന നിലയിൽ പെരുമാറാനുള്ള നമ്മുടെ അവകാശവും അവസരവും നഷ്ടപ്പെടുന്നു.

പൊലീസിംഗിനെ സംബന്ധിച്ചിടത്തോളം നമ്മൾ വികസിതരാജ്യങ്ങളിൽ നിന്നും പഠിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം, 'zero tolerance to law breaking' എന്നതാണ്. നിയമം ഉണ്ടെങ്കിൽ അത് പാലിക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്. നിയമം ലംഘിച്ചാൽ ശിക്ഷ കിട്ടും. നിയമലംഘനത്തിന് കൂട്ടുനിന്നാൽ (ഉദാഹരണത്തിന് മദ്യപിച്ച് വാഹനമോടിച്ച ഒരാളെ കേസിൽ നിന്ന് രക്ഷപെടുത്തണമെന്ന് ഒരു മന്ത്രിയോ ജനപ്രതിനിധിയോ പോലീസിൽ വിളിച്ചുപറഞ്ഞാൽ) അവരുടെ പണി തെറിക്കും. നമ്മുടെ കാര്യത്തിൽ പലപ്പോഴും ജനങ്ങൾ അവരുടെ പ്രതിനിധികളിൽ നിന്ന് പ്രതീക്ഷിക്കുന്നത് നാം ചെറിയ നിയമലംഘനം ഒക്കെ നടത്തുന്ന സാഹചര്യങ്ങളിൽ നമ്മുടെ കൂടെനിന്ന് പോലീസ് സ്റ്റേഷനിൽ ശുപാർശ പറയുക എന്നതാണ്. ഇത് മാറിയേ തീരൂ.

**ഇടിയൻ പോലീസ്:** ലണ്ടനിൽ





ലണ്ടൻ ഡഞ്ചൻ (https://www.thedungeons.com/london/) എന്നൊരു മ്യൂസിയമുണ്ട്. കാലാകാലമായി വിവിധ രാജ്യങ്ങളിൽ എങ്ങനെയാണ് അവിടുത്തെ പോലീസുകാർ കുറ്റവാളികളെ കുറ്റം തെളിയിക്കാനും മറ്റുമായി പീഡിപ്പിച്ചിരുന്നത് എന്നതിന്റെ വിശദവിവരങ്ങളാണ് അവിടെയുള്ളത്. ആ ക്രൂരതകൾ നമ്മെ ഛർദ്ദിപ്പിക്കുന്നത്ര ഭയാനകമാണ്. ഇപ്പോൾ പക്ഷെ വികസിതരാജ്യങ്ങളിൽ പോലീസ് മർദ്ദനം, പ്രത്യേകിച്ച് കേസുകൾ തെളിയിക്കാനായി തീരെ ഇല്ല. ശാസ്ത്രീയമായി കേസ് തെളിയിക്കുന്ന രാജ്യങ്ങളാണ് കൂടുതൽ. ഒരിക്കൽ ജർമ്മനിയിൽ ഒരു കുട്ടിയെ തട്ടിക്കൊണ്ടു പോയി ഒളിവിൽ താമസിപ്പിച്ച ഒരാളെ കസ്റ്റഡിയിൽ പീഡിപ്പിക്കും എന്ന് ഭീഷണിപ്പെടുത്താൻ കീഴ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയ പോലീസ് ഉദ്യോഗസ്ഥന്റെ ജോലി പോയി. അത്ര സീരിയസ് ആയിട്ടാണ് അവർ കസ്റ്റഡിയിലെ പീഡനം എടുക്കുന്നത്.

എന്നിട്ടും ഇരുപത്തി ഒന്നാം നൂറ്റാണ്ടിലും കേരളത്തിൽ കസ്റ്റഡിമരണം സംഭവിക്കുന്നു എന്നത് ഒരു പരിഷ്കൃതസമൂഹം എന്ന നിലയിൽ നമ്മെ നാണിപ്പിക്കേണ്ടതാണ്. ഇതിന്റെ ഉത്തരവാദിത്തം പക്ഷെ പൂർണ്ണമായും പോലീസിന്റെ കയ്യിലല്ല. പോലീസ് മർദ്ദനത്തിന് പ്രധാനമായും മൂന്ന് കാരണങ്ങളാണുള്ളത്. ഒന്നാമത് പോലീസ് സംവിധാനത്തിൽ ഭീതിയുണ്ടായാൽ ജനങ്ങൾ നിയമലംഘനം നടത്തുന്നത് കുറയ്ക്കും എന്ന (തെറ്റായ) ചിന്ത. ഇതിന് ശാസ്ത്രീയമായ യാതൊരു അടിസ്ഥാനവുമില്ല. പോലീസിനെക്കുറിച്ച് ജനങ്ങൾക്ക് ബഹുമാനമാണ്, പേടിയല്ല ഉണ്ടാകേണ്ടത്.

രണ്ടാമത് പ്രതികളെ മർദ്ദിച്ചാൽ അവർ വേഗത്തിൽ സത്യം പറയുമെന്ന (തെറ്റായ) ചിന്ത. മർദ്ദനത്തിന് ഇരയാകുന്നവർ കൂടുതൽ വേഗത്തിൽ കുറ്റം ഏറ്റെടുക്കുമെങ്കിലും അത് സത്യമായിരിക്കണമെന്നില്ല. നിയമവും നീതിയും അവിടെ ലംഘിക്കപ്പെടുകയാണ്. ഈ മുൻപ് പറഞ്ഞ രണ്ടു കാര്യത്തിലും പ്രധാന ഉത്തരവാദികൾ പോലീസുകാർ തന്നെയാണെങ്കിലും പോലീസ് മർദ്ദനം ഇന്നും കേരളത്തിൽ നിലനിൽക്കുന്നതിന് മറ്റൊരു കാരണം കൂടിയുണ്ട്.

നമ്മുടെ കോടതി സംവിധാനം വളരെ പതുക്കെയാണ് പ്രവർത്തിക്കുന്നത്. കുറ്റവാളികളെ ശിക്ഷിക്കുന്നതിന്റെ നിരക്കും വളരെ കുറവായതിനാൽ പലപ്പോഴും കുറ്റവാളിക്ക് ആകെ കിട്ടുന്ന ശിക്ഷ പോലീസ് കസ്റ്റഡിയിലെ മർദ്ദനമാണ്. അതിനാൽ ഒരു കുറ്റവാളിയെ, പ്രത്യേകിച്ച് ബലാൽസംഗം നടത്തിയ ആളെ അല്ലെങ്കിൽ കുട്ടികളെ പീഡിപ്പിച്ചവരെ, പോലീസ് പിടികൂടിയാൽ അയാളെ പോലീസുകാർ നന്നായി 'കൈകാര്യം' ചെയ്യണമെന്ന് പൊതുസമൂഹം ആഗ്രഹിക്കുന്നു. ബലാൽസംഗികളെ പോലീസ് വെടിവെച്ചു കൊല്ലുമ്പോൾ ആളുകൾ കയ്യടിക്കുന്നു. ഈ സ്ഥിതി മാറണമെങ്കിൽ പോലീസുകാർ മാത്രം വിചാരിച്ചാൽ പോരാ, സമൂഹവും കൂടെ നിൽക്കണം.

**പോലീസ് ഹെൽമെറ്റ് വേട്ടക്കിറങ്ങുമ്പോൾ :** ഹെൽമറ്റ് വേട്ട എന്ന വാക്ക് ലോകത്ത് മറ്റൊരിടത്തുമില്ല. ഈ പ്രയോഗം തന്നെ പല തരത്തിലും തെറ്റാണ്. ഭാഷാപരമായി പറഞ്ഞാൽ ഒരാൾ മാൻ വേട്ടക്കിറങ്ങുമ്പോൾ ലക്ഷ്യമാക്കുന്നത് മാനുകളെയാണ്. പോലീസുകാർ ഹെൽമറ്റ് വേട്ടക്കിറങ്ങുമ്പോൾ ലക്ഷ്യമാക്കുന്നത് ഹെൽമെറ്റ് വെക്കാത്തവരെയാണ്. രണ്ടാമത്, ഒരാൾ മാനിനെ വേട്ടയാടാനിറങ്ങുമ്പോൾ ഇരയുടെ ജീവൻ അപകടത്തിലാക്കുകയാണ് ലക്ഷ്യമെങ്കിൽ പോലീസ് ഹെൽമറ്റ് വേട്ടക്കിറങ്ങുമ്പോൾ ഹെൽമറ്റ് ഇല്ലാത്തവരുടെ ജീവൻ രക്ഷിക്കാനാണ് ശ്രമിക്കുന്നത്.

എന്നാൽ ഇക്കാര്യം ശരിക്കും മനസിലാക്കാതെ ഹെൽമറ്റ് പരിശോധനയെ ഒരു കൊലയാളിക്കായി വല വിരിക്കുന്ന തരം പ്രവൃത്തികളായി നമ്മൾ പലപ്പോഴും കാണുന്നു. ആളുകളുടെ ശ്രദ്ധയിൽ പെടാതെ വളവുകളിൽ പരിശോധനക്ക് നിൽക്കുന്നതും, വാഹനം നിർത്താതെ പോകുന്നവരെ എറിഞ്ഞു വീഴ്ത്തുന്നതും, അങ്ങനെ മരണം വരെ സംഭവിക്കുന്നതും അതിന്റെ ഫലമാണ്.

ഇതൊന്നും നല്ല പോലീസിംഗിന്റെ ലക്ഷണമല്ല. 2006 ൽ ലണ്ടനിൽ നടന്ന ഒരു സംഭവം ശ്രദ്ധിക്കേണ്ടതാണ്. ഒരാളുടെ ബൈക്ക് മൂന്നു പേർ ചേർന്ന് മോഷ്ടിച്ചു. ഉടമ അത് കണ്ടു, പോലീസിനെ വിളിച്ചു. പോലീസിനെ കണ്ടതോടെ മോഷ്ടാക്കൾ കടന്നുകളഞ്ഞു. എന്നിട്ടും പോലീസ് അവരെ പിന്തുടർന്നില്ല. മോഷ്ടാക്കൾ ഹെൽമറ്റ് വെച്ചിരുന്നില്ല എന്നതാണ് കാരണം. പോലീസിനെ പേടിച്ച് അമിതവേഗത്തിൽ ബൈക്കോടിച്ച് അവർക്ക് അപകടമുണ്ടായാലോ എന്ന ചിന്ത. പിന്നീട് അവരെ അന്വേഷിച്ചു കണ്ടെത്തി അറസ്റ് ചെയ്തു വേണ്ട ശിക്ഷ വാങ്ങി കൊടുത്തു. അക്കാലത്ത് ആ കേസ് വലിയ ചർച്ചാവിഷയമായി. മോഷ്ടിക്കാൻ ഇറങ്ങുന്നവർ ഹെൽമെറ്റ് ഇല്ലാതെ വരുന്നതാണ് ബുദ്ധി എന്നൊക്കെ തമാശകൾ ഉണ്ടായി. പക്ഷെ 2020 ലും ഇംഗ്ലണ്ടിലെ പോലീസുകാർക്കുള്ള നിർദ്ദേശം അത് തന്നെയാണ്. കള്ളനെ അപകടത്തിൽ പെടുത്താതെ സുരക്ഷിതമായി പിടിക്കുക. ഇതാണ് ലോകനിലവാരം എന്നിരിക്കെ ഹെൽമെറ്റില്ല എന്ന കാരണത്താൽ മറ്റൊരു കുറ്റവും ചെയ്യാത്ത യാത്രക്കാരനെ എറിഞ്ഞിടുന്നതും ചേസ് ചെയ്തു പിടിക്കുന്നതും തെറ്റാണ്, മാറ്റേണ്ടതാണ്. രജിസ്റ്റർ നമ്പർ നോക്കി പിന്നീട് വാഹനം പിടിച്ചെടുക്കാമല്ലോ.

**ഹോട്ടൽ വാടക നിശ്ചയിക്കുന്ന പോലീസ്:** ലോകത്തെവിടെയും യാത്ര പോകുമ്പോൾ ഞാൻ ഹോട്ടലുകളിലാണ് താമസിക്കുന്നത്. ഓരോ നഗരത്തിനും ഓഫീസിൽ നിന്ന് ഒരു നിശ്ചിത ദിനബത്ത അനുവദിച്ചിട്ടുണ്ട്. ആ നഗരത്തിൽ ശരാശരി ലഭ്യമായ ഹോട്ടലിലെ വാടകയ്ക്ക് അനുസരിച്ചാണ് ദിനബത്ത നിർണ്ണയിക്കപ്പെട്ടിരിക്കുന്നത്, പക്ഷെ ചിലപ്പോൾ ചില നഗരങ്ങളിൽ ഹോട്ടൽ അന്വേഷിക്കുമ്പോൾ ദിനബത്തയിലും വളരെ കുറഞ്ഞ റേറ്റിൽ ഹോട്ടലുകൾ കാണും. അപ്പോൾ ഒന്നുറപ്പിക്കാം. ആ പ്രദേശത്ത് കുറ്റകൃത്യങ്ങൾ കൂടുതലാണെന്ന്. അങ്ങനെ കണ്ടാലുടൻ ഞാൻ ആ നഗരത്തെക്കുറിച്ച് കൂടുതൽ വായിക്കും. സം



**ഇപ്പോഴും കേരളത്തിലെ പോലീസ് വേഷം പഴഞ്ചൻ കാക്കിയാണ്. വികസിത രാജ്യങ്ങളിൽ ഒന്നിലും തന്നെ കാക്കിക്കുപ്പായം ഇപ്പോൾ ഇല്ല. പോലീസ് ഉദ്യോഗസ്ഥൻ സ്ത്രീയാണെങ്കിലും പുരുഷനാണെങ്കിലും പാന്റ്സും ഷർട്ടുമോ ടി ഷർട്ടോ ആണ് ഇപ്പോൾ വേഷം. നമ്മുടെ പോലീസ് നവീകരണത്തിന്റെ ഭാഗമായി തീർച്ചയായും യൂണിഫോമും മാറണം.**

ഗതി സത്യമായിരിക്കുകയും ചെയ്യും.

ലോകത്തെ അനവധി രാജ്യങ്ങളിൽ ഓരോ ഗ്രാമത്തിലെയും എന്തിന് വാർഡിലെ തന്നെയും ക്രൈം വിവരങ്ങൾ പബ്ലിക്കായി ലഭ്യമാണ്. പ്രത്യേകിച്ചും ലൈംഗിക ക്രിമിനലുകൾ ആ പ്രദേശത്ത് താമസിക്കുന്നുണ്ടോ എന്നത്. ആ പ്രദേശത്തെ ഹോട്ടൽ വാടക മാത്രമല്ല, വീടിന്റെ വിലയും നിശ്ചയിക്കുന്നതിൽ ഈ ക്രൈം റെക്കോർഡ്സിന് വലിയ പങ്കുണ്ട്. നാട്ടിലെ റിയൽ എസ്റ്റേറ്റ് വില കൂട്ടാൻ വേണ്ടി മാത്രം നല്ല പോലീസുകാരെ നിയമിക്കുന്ന രാജ്യങ്ങൾ ഉണ്ട് (അനവധി രാജ്യങ്ങളിൽ ഓരോ നഗരത്തിലേയും പോലീസ് മേധാവിയെ അവിടുത്തെ മേയർ ആണ് തീരുമാനിക്കുന്നത്, അവർക്ക് എവിടെ നിന്നും, എത്ര പണം കൊടുത്തും നല്ല പോലീസ് ഉദ്യോഗസ്ഥരെ കൊണ്ടുവരാം, അടുത്ത രാജ്യത്ത് നിന്ന് പോലും !)

കേരളത്തിലും ഓരോ വാർഡ് തലത്തിലും കുറ്റകൃത്യങ്ങളുടെ വിവരം ലഭ്യമാക്കണമെന്നും ലൈംഗിക കുറ്റവാളികൾ അവിടെ താമസമുണ്ടെങ്കിൽ ആ വിവരം അവിടുത്തെ താമസക്കാർക്ക് അറിയാൻ മാർഗമുണ്ടാക്കണമെന്നുമാണ് എന്റെ അഭിപ്രായം. തീർച്ചയായും ഇത് നമ്മുടെ ഫ്ളാറ്റിന്റെ വിലയും വാടകയും ഒക്കെ നിർണ്ണയിക്കാൻ തുടങ്ങും, ആളുകൾ അവിടുത്തെ പോലീസിങ്ങിൽ താല്പര്യമെടുത്തു തുടങ്ങും.

**പോലീസും നിർമിതബുദ്ധിയും:** ഏകദേശം ഇരുപത് വർഷം ദുരന്തനിവാരണ രംഗത്ത് ജോലി ചെയ്തതിനുശേഷമാണ്, ഒരു ദുരന്തമുണ്ടായതിനുശേഷം അത് കൈകാര്യം ചെയ്യുന്നതല്ല, ദുരന്തങ്ങൾ മുൻകൂട്ടി കണ്ട് ഒഴിവാക്കുന്നതാണ് യഥാർത്ഥ ഹീറോയിസം എന്ന കാര്യം ഞാൻ മനസിലാക്കിയത്. ഇത് തന്നെയാണ് പോലീസിംഗിന്റെ കാര്യത്തിലും ചെയ്യേണ്ടത്. കുറ്റകൃത്യം നന്നായി കൈകാര്യം ചെയ്യുന്നതിലല്ല, അവ മുൻകൂട്ടി കണ്ട് ഒഴിവാക്കുന്നതിലാണ് യഥാർത്ഥ പോലീസിങ്ങിന്റെ മികവ്. ദുരന്തം ഒഴിവാക്കുന്നവർക്ക് ഒരു അംഗീകാരവും കിട്ടാത്തത് പോലെതന്നെ കുറ്റകൃത്യങ്ങൾ കുറവുള്ള പോലീസ് സ്റ്റേഷനിലെ ഓഫീസർമാർക്ക് യാതൊരു വിലയും സമൂഹം കൊടുക്കുന്നില്ല എന്നതും നിർഭാഗ്യകരമാണ്.

നിർമിതബുദ്ധി കുറ്റകൃത്യങ്ങളെ മുൻകൂട്ടി കണ്ടെത്തി ഒഴിവാക്കുന്നതിൽ വലിയ സാദ്ധ്യതകളാണ് തുറക്കുന്നത്. ആളുകൾ കൂടുതൽ ഡിജിറ്റൽ ആകുകയും നിർമിതബുദ്ധിക്ക് ബിഗ് ഡേറ്റ അനാലിസിസുമായി ബന്ധം സ്ഥാപിക്കാൻ കഴിയുകയും ചെയ്യുന്നതോടെ കുറ്റകൃത്യങ്ങളും ആത്മഹത്യയും എല്ലാം സംഭവിക്കുന്നതിന് മുൻപ് തന്നെ കണ്ടെത്തി ഒഴിവാക്കാൻ സാധിക്കും. ഈ രംഗത്ത് ലോകത്ത് അനവധി പരീക്ഷണങ്ങൾ നടക്കുന്നുണ്ട്. നമ്മുടെ പോലീസിങ്ങിനെ സാങ്കേതികവിദ്യയുടെ കാര്യത്തിൽ ലോകോത്തരമാക്കണം.

**പോലീസ് യൂണിഫോം:** എന്റെ ചെറുപ്പകാലത്ത് കോൺസ്റ്റബിൾമാരുടെ വേഷം നിക്കറും ഷർട്ടുമായിരുന്നു. കഞ്ഞിപിഴിഞ്ഞ് തേച്ചുമിനുക്കി വടി പോലെ നിൽക്കുന്ന പോലീസ് വേഷം ഇപ്പോൾ സിനിമയിലും മ്യൂസിയത്തിലും മാത്രമേ കാണാറുള്ളു.

ഇപ്പോഴും കേരളത്തിലെ പോലീസ് വേഷം പഴഞ്ചൻ കാക്കിയാണ്. വികസിത രാജ്യങ്ങളിൽ ഒന്നിലും തന്നെ കാക്കിക്കുപ്പായം ഇപ്പോൾ ഇല്ല. പോലീസ് ഉദ്യോഗസ്ഥൻ സ്ത്രീയാണെങ്കിലും പുരുഷനാണെങ്കിലും പാന്റ്സും ഷർട്ടുമോ ടി ഷർട്ടോ ആണ് ഇപ്പോൾ വേഷം. നമ്മുടെ പോലീസ് നവീകരണത്തിന്റെ ഭാഗമായി തീർച്ചയായും യൂണിഫോമും മാറണം.■